
ആൻസ്
വൈഖരി 2k19
ശബ്ദിക്കുന്ന അക്ഷരങ്ങൾ



# PRESENTS...



വൈഖരി 2019 സെന്റ് ആൻസ് ജി.എച്ച്.എസ് എടത്തുരുത്തി

# ആശംസകളോടെ...



ഭാരതത്തിന്റെ സംസ്കാരം ആർഷഭാരത സംസ്കാരമാണ്. ഗുരുവിന്റെ ഗൃഹത്തിൽ വസിച്ച് ഗുരുമുഖത്ത് നിന്ന് വിദ്യ അഭ്യസിച്ചു വന്ന ശക്തമായ പാരമ്പര്യം.കാലഘട്ടം മുന്നോട്ട് പോകുന്നതോടൊപ്പം മനുഷ്യന്റെ വർധിച്ചു വന്ന ആവശ്യങ്ങൾ നവനവങ്ങളായ കണ്ടുപിടുത്തങ്ങളിലേക്ക് നയിക്കുകയുണ്ടായി.ഇന്ന് മനുഷ്യന്റെ അന്വേഷണത്വരയുള്ള കണ്ണുകൾ മനുഷ്യന് എത്തിച്ചേരാൻ കഴിയാത്തതെന്ന് മാനവലോകം കരുതിയിരുന്ന അനുഗ്രഹങ്ങളിലേക്ക് ഉറ്റുനോക്കാനും അവിടെ വാസമുറപ്പിക്കാനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കേരളം വിവരവിനിമയ ശാസ്ത്രസാങ്കേതിക രംഗത്ത് കൂടുതൽ അറിവ് നേടി അതുവഴി കുട്ടികളുടെ വിദ്യാഭ്യാസം കൂടുതൽ മെച്ചമുള്ളതാക്കാനായി സംസ്ഥാന ഗവൺമെന്റ് ഹൈസ്കൂൾ കുട്ടിക്കൂട്ടത്തിന് തുടക്കമിട്ട് പ്രവർത്തനങ്ങൾ ആരംഭിക്കുകയും 2018 ന്റെ ആരംഭത്തോടെ അത് KITE ***(Kerala Infrastructure and Technology for Education)*** എന്ന പേരിൽ പ്രവർത്തനം തുടർന്നുപോരുന്നു.ഘട്ടം ഘട്ടമായി നടത്തിവരുന്ന വിവിധ പരിശീലന പ്രവർത്തനങ്ങളിലൂടെ KITE അംഗങ്ങൾ ആനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽആപ്പ്നിർമ്മാണം, എഡിറ്റിംഗ്, ഡിജിറ്റൽ ക്യാമറയുടെ പ്രവർത്തനം എന്നിവയിൽ വിദഗ്ധ പരിശീലനം നേടി വരുന്നു. KITE ന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ വിദ്യാർത്ഥികൾ സ്വയം തയ്യാറാക്കുന്ന E-Magazine ഏറ്റവും മികച്ചതാകട്ടെയെന്ന് ആശംസിക്കുന്നു.

Sr. Mable CMC Headmistress
( ST. ANNE'S GHS EDATHIRUTHY)

# എഡിറ്റോറിയൽ



അറിവിന്റെയും വിജ്ഞാനത്തിന്റെയും കലവറകളാണ് പുസ്തകങ്ങൾ. മഹത്തായ ഭൂതകാലത്തിന്റെ ക്ഷണാവലോകനം നൽകുന്നതിനോടൊപ്പം മെച്ചപ്പെട്ടൊരു ഭാവിയിലേക്ക് നമുക്ക് അവ മാർഗ്ഗനിർദ്ദേശമേകുകയും ചെയ്യുന്നു. അതിവേഗം ബഹുദൂരം കുതിച്ചുപായുന്ന ഈ ആധുനിക ശാസ്ത്രസാങ്കേതിക യുഗത്തിൽ അതിന്റെ സഞ്ചാരപഥത്തിൽ കുതിക്കുന്ന ഒരു E-Magazine ന് ഞങ്ങളിവിടെ തുടക്കം കുറിക്കുന്നു. വായന ഒരു പൂർണ്ണമനുഷ്യനെ സൃഷ്ടിക്കുന്നു എന്ന് ഫ്രാൻസിസ് ബേക്കന്റെ വാക്കുകൾ അന്വർത്ഥമാക്കാൻ ശ്രമിക്കുകയാണ് ഞങ്ങൾ ഇവിടെ. തത്വചിന്തകൾ, ശൈലികൾ, പ്രയോഗങ്ങൾ എല്ലാം ഈ താളുകളിൽ നിറപ്പകിട്ടാർജ്ജിക്കുന്നു. ആബാലവൃദ്ധം ജനങ്ങളെയും ഒരുപോലെ തൃപ്തിപ്പെടുത്താൻ ഈ മാസികയ്ക്ക് കഴിയുമെന്ന് വിശ്വസിക്കുന്നു.

എന്ന്

ഫാത്തിമ പി ശ്യാം( ചീഫ് എഡിറ്റർ)

# LITTLE SCHOLARS...



വൈഖരി 2019 സെന്റ് ആൻസ് ജി.എച്ച്.എസ് എടത്തുരുത്തി

# താളുകൾ മറിക്കുമ്പോൾ...

ഉള്ളടക്കം

JOURNEY TO VICTORY....8
ലിറ്റിൽ കൈറ്റ്സ്....9
2019...പിന്നാമ്പുറങ്ങളിലൂടെ....10
India celebrates 70th anniversary of ‘Constitution Day’....16
NIGHTS....18
ഒരു തെങ്ങിന്റെ വിലാപം....19
ART GALLERY....21
“Quotations”....22
അമ്മ....23
HEALTH....24
QUIZ ON HEALTH....25
യൂനിസെഫ്....26
പ്രതിഭകളെ ആദരിക്കൽ....28
വാക്കും പ്രവർത്തിയും....30
THE POWER OF SMILE....31
FACTS....32
FOOD IS DIVINE....33
കലാവൈവിധ്യങ്ങളിലൂടെ....34
PROVERBS....35
സുഭാഷിതം....36
സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹിക്കുന്ന ജനത്തേയും....37
DON’T CHASE HAPPINESS....39
സ്നേഹപൂർവ്വം അമ്മക്ക്....40
छोटीसी हसी ....42
Srinivasa Ramanujan....43
History of Internet....45
INTERNET AND TV....48
ഐ ഒ ടി....49
Richard Stallman....51
Linus Torvalds....52
കഥകളി....53
കൂടിയാട്ടം....54
ഗ്രാമഭംഗി....55

ഭ്രമിശാസ്ത്രപരമായ ഇരട്ടപേരുകൾ......56
സ്വസ്ഥത......57
IDIOMS......58
ഇന്ത്യയുടെ ദേശീയ ദിനങ്ങൾ......59
വിജയവീഥിയിലൂടെ......61
WONDERS OF SCIENCE......64
THE PERIODIC TABLE......65
ഇന്ത്യയും കാലാവസ്ഥാഭീഷണിയിൽ......70
150th Birthday......72
കുര്യാക്കോസ് ഏലിയാസ് ചാവറ......74
ചരിത്രത്തിലേക്കൊരു കപ്പലോട്ടം!......77
പഠനശാഖകൾ......78
മയ്യഴി പുഴയുടെ തീരങ്ങളിൽ......79
Light in darkness......81
പുതിയപഞ്ചതന്ത്രം......82
DO YOU KNOW?......83
നൊബേൽ സമ്മാനം......84
THANKFULNESS......88
കല തൻ കലവറ......89
നന്ദിപൂർവ്വം......90
വൈഖരിയുടെ വിയർപ്പ്......91
തുള്ളികൾ......91



# JOURNEY TO VICTORY

Edathuruthy, a necklace of Arabian sea in a picturesque small coastal village near the Kannoly Canal. The historical Kannoly Canal which acts as a boundary in the Malabar Kochi Eva extends from Munayam to Mathilakam. To the west of this Kannoly Canal in between Kattoor Edathuruthy market and Kannoly bridge stando St. Anne's G.H.S. spreading a dignity and serenity which one cannot escape.

The history of the school goes back to the 19th century when little value was given to women education. In the light of the vision of saint Fr. Chavara Elias the founder of CMC congregation the sisters of CMC decided to take up the issue of women education. With support of the local leaders and the blessing of the vicar of Edathuruthy Carmel Nadha Forane church Fr. Kunjipalu Alapatt a school was set up in the name of heavenly St. Anne's, the saint for every women. Thus the St. Anne’s Convent Elementary school was established in the year 1906.

It was with the tireless efforts of the headmistress Sr. Clara CMC the school manager and the full support of local leaders the school got sanction of the Government. The school which started with 71 students eversince has been home and guidance to thousands of children. In 1955 the high school was set up. The first principal of the high school was Sr. Mary Benigna.

# ലിറ്റിൽ കൈറ്റ്സ്

**2017 മുതൽ നടപ്പാക്കിവരുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.ഡിജിറ്റൽ യുഗത്തിൽ വളർന്നു വരുന്ന പുതുതലമുറയെ കമ്പ്യൂട്ടറുമായി സൗഹൃദം സ്ഥാപിക്കാൻ ലിറ്റിൽ കൈറ്റ്സ് മുഖേന കഴിയുന്നു. ഭാവിയിൽ ശാസ്ത്രസാങ്കേതിക വിദ്യയുടെ മൂല്യം കൂടിവരികയാണ്, ഭാവിജീവിതത്തിനുവേണ്ടി പുതുതലമുറയെ പ്രാപ്തരാക്കാൻ ഈ സംഘടന സഹായിക്കുന്നു. ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, മൊബൈൽ ആപ്പുകളുടെ രൂപീകരണം, ആനിമേഷൻ, മലയാളം കമ്പ്യൂട്ടിങ്ങ് തുടങ്ങി വിവിധ മേഖലകൾ ലിറ്റിൽ കൈറ്റ്സിലുണ്ട്. ഹൈടെക്ക് വിദ്യാലയങ്ങളുടെ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ മാധ്യമങ്ങൾക്ക് റിപ്പോർട്ട് തയ്യാറാക്കൽ, വിക്ലേഴ്സിന് റിപ്പോർട്ട് തയ്യാറാക്കൽ, വീഡിയോ എഡിറ്റിംഗ് തുടങ്ങി വിവിധ കാര്യങ്ങൾ ചെയ്യാൻ ബാധ്യസ്ഥരാണ്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ അംഗമാണെന്നതിൽ ഓരോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അഭിമാനിക്കുന്നു. ഇത്തരം ക്ലബ്ബുകൾക്ക് വലിയ പിന്തുണ നൽകേണ്ടതാണ്.**

# 2019...പിന്നാമ്പുറങ്ങളിലൂടെ...

## കേരളം:

- കേരള ഭരണസർവ്വീസിലെ മൂന്ന് സ്ട്രീമുകളിലെ സംസ്ഥാന സർക്കാർ സംവരണം ഏർപ്പെടുത്തി.
- നീതി അയോഗ് തയാറാക്കിയ വിദ്യഭ്യാസ ഗുണനിലവാര സൂചികയിൽ കേരളം ഒന്നാമത്. അയോഗ്യ നിലവാര സൂചികയിലും കേരളം തന്നെയാണ് ഒന്നാമത്.
- ആദിവാസി കുറിച്യ വിഭാഗത്തിൽനിന്ന് സിവിൽ സർവീസ് യോഗ്യത നേടുന്ന ആദ്യ മലയാളി പെൺകുട്ടി- വയനാട് ഇടിയംവയൽ സ്വദേശിനി ശ്രീധന്യ സുരേഷ്.



- 2018 ൽ 17 പേരുടെ മരണത്തിന് വഴിവെച്ച നിപ വൈറസ് ബാധ 2019 ലും സംസ്ഥാനത്ത് സ്ഥിരീകരിച്ചു. ജൂണിലാണ് നിപ വൈറസ് ബാധിതനും 23 കാരനുമായ വിദ്യാർഥിയെ കൊച്ചിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. 2018 മെയ് 20 ന് കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലാണ് കേരളത്തിൽ ആദ്യമായി നിപ വൈറസ് സ്ഥിരീകരിച്ചത്.
- കേരളത്തിലെ 13 ജില്ല സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലയിപ്പിച്ച് കേരള ബാങ്ക് രൂപവത്കരിക്കാൻ റിസർവ് ബാങ്ക് ഒക്ടോബർ ഒമ്പതിനു അനുമതിനൽകി.

- ഇരുചക്രവാഹനങ്ങളിലെ പിൻ സീറ്റിൽ യാത്ര ചെയ്യുന്നവർക്ക് ഹെൽമറ്റ് നിർബന്ധമാക്കണമെന്ന് ഹൈക്കോടതി ഉത്തരവ്.



- ക്ലാസ്സ്മുറിയിൽ നിന്ന് പാമ്പുകടിയേറ്റ് ചികിത്സ കിട്ടാതെ സുൽത്താൻ ബത്തേരി ഗവ. സർവ്വജന ഹയർ സെക്കൻഡറി സ്കൂൾ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ഷഹല ഷെറിൻ മരിച്ചു



- 2018 ലെ മഹാപ്രളയത്തിന് പിന്നാലെ 2019 ആഗസ്റ്റ് 8 ന് മിന്നൽപ്രളയത്തിനു കേരളം സാക്ഷ്യം വഹിച്ചു. 24 മണിക്കൂർ പെയ്ത അതിതീവ്രമഴ ഒറ്റദിവസം കൊണ്ട് 12 ജില്ലകളെ വെള്ളത്തിലാഴ്ത്തി. വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളെ സാരമായി ബാധിച്ച പ്രളയത്തിലും മണ്ണിടിച്ചിലിലുമായി 121 പേർക്ക് ജീവൻ നഷ്ടമായി.



**നിയമം:**

- ബാബരി മസ്ജിദ് ഭൂമി കേസിൽ സുപ്രീം കോടതി അന്തിമ വിധി പ്രഖ്യാപിച്ചു.
- ഇന്ത്യയുടെ ആദ്യത്തെ ലോക്പാൽ -പി. സി. ഘോഷ്




- ഒരു തവണ മാത്രം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കൾ 2020 ജനുവരി ഒന്ന് മുതൽ സംസ്ഥാനത്ത നിരോധിക്കാൻ തീരുമാനം



- തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമിച്ച കൊച്ചി മരടിലെ ഫ്ലാറ്റുകൾ പൊളിക്കാൻ സുപ്രീം കോടതിയുടെ അന്ത്യശാസനം.ഹോളീഡെ ഹെറിറ്റേജ്, ഹോളീഡേ ഫെയ്ത്ത്, ജെയ്ൻ ഹൗസിങ്, ആൽഫ വഞ്ചേഴ്സ്, കായലോരം അപ്പാർട്ടമെന്റ്സ്, എന്നിവയാണ് പൊളിച്ച നീക്കേണ്ട സമുച്ചയങ്ങൾ. 2020 ജനുവരി 11,12 തീയ്യതികളിൽ ഫ്ലാറ്റുകൾ പൊളിക്കും.






# സാഹിത്യം:


- കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം 2019 - പ്രഫ. വി.മധുസൂദനൻ നായർ – **അച്ഛൻ പിറന്ന വീട്** എന്ന കവിതാസമാഹാരമാണ് മധുസൂദനൻ നായരെ അവാർഡിന് അർഹനാക്കിയത്.




- കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം 2019 - ശശി തരൂർ – **ഇരുളടഞ്ഞ കാലം** (ആൻ ഇറ ഓഫ് ഡാർക്ക്നസ് )എന്ന കൃതിക്കാണ് പുരസ്കാരം.




- 2019 വള്ളത്തോൾ സാഹിത്യ പുരസ്കാരം സക്കറിയക്ക്. ചെറുകഥാ സാഹിത്യത്തിലെ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.
- 2019 ലെ വയലാർ അവാർഡിന് വി.ജെ ജെയിംസിന് **നിരീശ്വരൻ** എന്ന നോവലിനാണ് പുരസ്കാരം.





- 2019-ലെ എഴുത്തച്ഛൻ പുരസ്കാരത്തിന് ആനന്ദ് അർഹനായി
- ഇത്തവണത്തെ ജ്ഞാനപീഠ പുരസ്കാരത്തിന് അക്കിത്തം അച്യുതൻ നമ്പൂതിരി അർഹനായി.ജ്ഞാനപീഠം നേടുന്ന ആറാമത്തെ മലയാളിയാണ് അക്കിത്തം അച്യുതൻ നമ്പൂതിരി.

# ശാസ്ത്രം

- **ചാന്ദ്രയാൻ-2:**

ഇന്ത്യയുടെ രണ്ടാം ചാന്ദ്ര പര്യവേക്ഷണ വാഹനമായ ചാന്ദ്രയാൻ-2 ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് 2019 ജൂലൈ 22-ന് വിക്ഷേപിച്ചു. 45 ദിവസത്തെ യാത്രക്ക് ശേഷം ചന്ദ്രോപരിതലത്തിന് അടുത്തെത്തിയ വാഹനത്തിൽ നിന്ന് ലാൻഡറിനെ സോഫ്റ്റ് ലാൻഡിങ്ങിലൂടെ ചന്ദ്രോപരിതലത്തിൽ എത്തിക്കാനുള്ള ശ്രമംപരാജയപ്പെട്ടു. അതേസമയം, ചാന്ദ്രഭ്രമണ പഥത്തിലെത്തിയ ഒർബിറ്ററിന്റെ പ്രവർത്തനം തുടരും.

- **നൂറ്റാണ്ടിലെ രണ്ടാം വലയ സൂര്യഗ്രഹണം:** ഈ നൂറ്റാണ്ടിലെ



രണ്ടാമത്തെ വലയ സൂര്യഗ്രഹണം കേരളത്തിൽ ഡിസംബർ 26-ന് ദൃശ്യമായി. അടുത്ത ശക്തമായ വലയ സൂര്യഗ്രഹണം 2031 മെയ് 21-നാണ് നടക്കുക.


# കായികം

## ക്രിക്കറ്റ്



- 2019 ലോകകപ്പ് ക്രിക്കറ്റ് നടന്ന രാജ്യങ്ങൾ-ഇംഗ്ലണ്ട്, വെയ്ൽസ് ചാമ്പ്യന്മാർ-ഇംഗ്ലണ്ട്
- പ്ലയർ ഓഫ് ദ സീരീസ് -കെയ്ൻ
- ഏറ്റവും കൂടുതൽ റൺ-രോഹിത് ശർമ (648)
- ഏറ്റവും കൂടുതൽ വിക്കറ്റ് - മിച്ചൽ സ്റ്റാർക് (27)
- ഐ. പി . എൽ ചാമ്പ്യന്മാർ-മുംബൈ ഇന്ത്യൻസ്
- ഇന്ത്യൻ വനിത ക്രിക്കറ്റ് താരം മിതാലി രാജ് ട്വന്റി 20 ക്രിക്കറ്റിൽ നിന്ന് വിരമിക്കാൻ പ്രഖ്യാപിച്ചു.
- ഇന്ത്യൻ ക്രിക്കറ്റ് താരം യുവരാജ് സിങ് അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.
- കോപ്പ-അമേരിക്ക (വേദി,ബ്രസീൽ) ജേതാക്കൾ-ബ്രസീൽ
- ലോക വനിത ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണം നേടിയ ആദ്യ ഇന്ത്യൻ താരം- പി. വി സിന്ധു.
- ഫിഫ ദ ബെസ്സ്റ്റ് മെൻസ് പ്ലെയർ ഓഫ് ദ ഇയറും ബാലൺ ഡി ഓറും ലയണൽ മെസ്സി നേടി.

# India celebrates 70th anniversary of 'Constitution Day'




The day marks a unique historical significance as on this day, November 26, in 1949, India adopted its Constitution that came into force on January 26, 1950. It was on this day that India marked its journey as an independent and sovereign republic.

Also known as the 'Samvidhan divas', the Constitution Day was first celebrated four years ago in 2015, when the government at the Centre decided to pay tribute to

BR Ambedkar, who played a crucial role in framing the Constitution of India. The government organised the commemoration of 70th anniversary of adoption of the Constitution of India in the Central Hall of Parliament House.

The draft of the constitution was prepared by a committee headed by BR Ambedkar, an iconic lawyer, scholar and leader who argued for extensive economic and social rights for women, and 271 men and women who were part of the constituent assembly.

President Mr. Ram NathKovind, while speaking on the occasion, said, “The Constitution of India lies at the foundation of the world’s largest democracy. The people of our country deserve to be complimented for the value and respect that the Indian Constitution has earned over the last 70 years.” He further highlighted the efforts of the legislature, the executive and the judiciary in maintaining the value and respect for the Constitution.

He urged the citizens of India to perform their duties and ensure effective protection of rights.



# NIGHTS

Nights are always special
however it darks,  it make my soul
joy and bright
The stars are twinkling with their might
while there’s darkness outside, left and right
these silent night makes me alright
When my mind desperate through
worst vibes...........
and make me struggle to hide
my cries........
I have my life in living nights

Fathima Shana V. B
IX B



# ഒരു തെങ്ങിന്റെ വിലാപം

**വ**ലിയൊരു പറമ്പിൽ തലയെടുപ്പോടെ
നിന്നിരുന്ന ഒരുതെങ്ങായിരുന്നു
ഞാൻ.എന്റെ പറമ്പിലേക്ക് പുതിയ
അതിഥികൾ വരുന്നുണ്ടെന്നറിഞ്ഞപ്പോൾ
ഞാനൊരുപാട് സന്തോഷിച്ചു!എന്നെ സ്നേഹത്തോടെ
പരിപാലിക്കാനും എന്റെ തടത്തിൽ ഓടിക്കളിക്കാനുമെല്ലാം
പുതിയ കൂട്ടുക്കാർ ഇങ്ങെത്തുമെന്ന സന്തോഷവാർത്ത
ഞാനെന്റെ അയൽപക്കത്തെ കൂട്ടുകാരായ തെങ്ങുകളോട്
പങ്കുവെച്ചു.അവർ പുതിയ വീട് പണിയുന്നതും നോക്കി
ഞാനങ്ങനെ നിന്നു;അവരുടെ സംരക്ഷകനെന്ന പോലെ....
വീട് പണിയുമ്പോഴുണ്ടായ പൊടിപടലങ്ങളെല്ലാം ഞാൻ
സഹിച്ചു.വീട്ടു പണി ഏതാണ്ടൊക്കെ പൂർത്തിയായെന്ന് അവർ
പറയുന്നത് ഞാൻ കേട്ടു.ഞാൻ ആഹ്ലാദത്തോടെ കാത്തിരുന്നു.
പക്ഷേ! അവർ പിന്നീട് പറഞ്ഞ വാക്കുകൾ കേട്ട് ഒരു
നിമിഷത്തേക്ക് എന്റെ ഹൃദയമിടിപ്പ് നിന്നപോലെ....”വീടിനു
മുന്നിൽ തന്നെ ഈ തെങ്ങ് നിൽക്കുന്നത് ശല്യം.ഇതിനെ നമുക്ക്
മുറിച്ചുമാറ്റാം.”പെട്ടെന്ന് എന്റെ മിഴികൾക്ക് കാഴ്ച നഷ്ടപ്പെട്ടതു
പോലെ....ഞാനതു കേട്ട് അന്ധാളിച്ചു നിന്നു.
പിന്നീട് അവർ വലിയ കയറുകളും അറക്കവാളുമൊക്കെ എടുത്ത്
കൊണ്ടു വന്നു.ഞാനാകെ പേടിച്ചു.ഒരാൾ എന്റെ മേൽ കയറി
എന്റെ ഓലകളും മടലുകളുമെല്ലാം വെട്ടാനൊരുങ്ങി.ഞാൻ വളരെ
ദയനീയാവസ്ഥയിൽ എന്റെ   കൂട്ടുകാരെ
നോക്കി.

അവരെല്ലാം എന്റെ  അവസ്ഥ കണ്ട് പേടിച്ച് വിറച്ചു.ഞാനുറക്കെ
തേങ്ങിക്കരഞ്ഞു .അരുതെന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.പക്ഷേ!
അവിടെയുണ്ടായിരുന്ന ആരും അത് കേട്ടില്ല.ഞാനെത്ര ഉറക്കെ
കരഞ്ഞിട്ടും അവരെന്റെ രോദനം മനസ്സിലാക്കിയില്ല.എന്റെ തല
അവർ വെട്ടിവീഴ്ത്തി.പിന്നെ ഒരു കയറിട്ട് എന്നെ മുറുക്കി വരിഞ്ഞ്,
വലിച്ചുകെട്ടി,അറക്കവാളുകൊണ്ടെന്നെ മുറിക്കാൻ ഒരുങ്ങി.
അപ്പോഴും ഞാൻ പറഞ്ഞുകൊണ്ടേയിരുന്നു. അല്ല, അപേക്ഷിച്ചു
കൊണ്ടിരുന്നു.എന്നെ ഒന്നും ചെയ്യല്ലേയെന്ന്.വലിയൊരു
ശബ്ദത്തോടെ വാൾ എന്റെ ദേഹത്തേക്ക് തുളച്ചു കയറി.വേദന
കൊണ്ട് ഞാൻ പുളഞ്ഞു.ഉറക്കെ നിലവിളിച്ചു.വാൾ ശക്തിയായി
എന്റെ ദേഹത്തേക്ക് കുത്തിക്കേറി.പിന്നെ പലരും ചേർന്നെന്നെ
പിടിച്ചു വലിച്ചു.വേദന കൊണ്ടാണെങ്കിലും ഞാനുംവിട്ടുകൊടുത്തില്ല.
ഞാൻ അനങ്ങാതെ അങ്ങനെത്തന്നെ നിന്നു.അവരെന്നെ
വീണ്ടും വലിച്ചു.അനങ്ങുന്നില്ല എന്നു കണ്ടപ്പോഴാവാം വീണ്ടും
വാളെടുത്ത് ദേഹത്തോട്ട് തുളച്ചുകയറ്റി.വേദന സഹിച്ച് ഞാൻ
നിന്നു....ചെറുതായൊന്നിളകിയെങ്കിലും ഞാൻ വീണില്ല.
വീണ്ടുമവരതുതന്നെ ആവർത്തിച്ചപ്പോൾ ഞാനാകെ തളർന്നു
പോയി.ഒന്നിനെയും പ്രതിരോധിക്കാനുള്ള ശേഷിയില്ലാതെ
ദയനീയമായി ഞാൻ നിന്നു....അവർ എന്നെ ഒറ്റവലി!
വലിയൊരു ശബ്ദത്തോടെ ഞാൻ എന്നെന്നേക്കുമായി
നിലംപതിച്ചു!അവിടമാകെ പൊടിപടലങ്ങളാൽ നിറഞ്ഞു.
ഗാംഭീര്യത്തോടെ തലയുയർത്തി നിന്ന ഞാനിതാ ഇപ്പോൾ വീണു
നിലംപതിഞ്ഞു കിടക്കുന്നു!ഇതുപോലെ മുറിച്ചു മാറ്റപ്പെട്ട ഓരോ
തെങ്ങിനും പറയാനുണ്ടാകും വേദനാജനകമായ ഓരോ കഥ

**ഫാത്തിമ പി ശ്യാം**

**IX-C**


# ART GALLERY



Ann Maria- IX B



Agnatt By ju -IX A



Bhadra. C. Baiju – IX C



Bhagya Santosh – IX D

# “Quotations”


“A **Teacher** Plants the Seeds of **Knowledge**
Sprinkles them with Love and Patiently
Nurtures their Growth
to Produce Tomorrow’s Dreams”

“A Father’s Goodness is Higher than the Mountain,
a Mother’s Goodness is Deeper than the Sea”

“The Content of your Character is your choice.
Day by day, what you choose, What you Think
and What you do is who you become”.

“Watch your **thoughts**; they lead to **attitudes.**
Watch your **attitudes**; they lead to **words**.
Watch your **words**; they lead to **actions**.
Watch your **actions**; they lead to **habits**.
Watch your **habits** ; they form your **character**.
Watch your **character** ; it determines your **destiny**.”





# അമ്മ

ജനനീ നിൻ അധരത്തിൽ നിറഞ്ഞു
നിൽക്കുമാ പുഞ്ചിരിയെത്രരമ്യം
എൻ സന്തോഷത്തിൽ പങ്കുചേരാൻ
കദനങ്ങൾ തൻ ആശ്വാസമാകാൻ
കളിചിരിതൻ കുളിർകാറ്റുവീശാൻ
ഓടിയെത്തുമെന്നമ്മ ...
കണ്ണാരം പൊത്തിക്കളിക്കുമ്പോൾ
ഓടിവീണെൻ നേത്രങ്ങൾ കണ്ണീർ
പുഴയൊഴുക്കുമ്പോൾ സ്നേഹമാം
യെന്റമ്മ വാരിയെടുത്തു മൃദൂലമാം
അധരങ്ങൾകൊണ്ടെന്നെയുമ്മ വെച്ചതും
ഓർക്കുന്നിതാ ഞാനൊരു നൊമ്പരമായ്
സ്നേഹ പാലാഴി തീർക്കുന്ന
മന്ദസ്മിതം തൂകി താരാട്ടുപാടി-
യാ മടിതൻ തൊട്ടിലിൽ കിനാക്കണ്ട്
നിദ്രയിലാണ്ടതും ഓർക്കുന്നു ഞാൻ .....
അമ്മതൻ സ്നേഹത്തിൻ പകരമാകില്ലയീ ഭൂവിലൊന്നും ......
ആ സ്നേഹമത്രയും എന്നുള്ളിലെന്നും
അലയടിക്കുമൊരു പേമാരിയായി.....

ഫാത്തിമ ഷാന വി.ബി

IX B

# HEALTH

There is a saying, ‘Health is wealth’. It means that one, who ha good health, is the happiness person is sick and cannot digest what he eats, he is unhappy in life . His life become useless to him. But a healthy person, though poor, lives a better life. Life is not a burden to him. Life has its charm for him.

When a healthy person works hard or walks along a distance, he is not tired. He enjoys his food, and has a sound sleep at night. A rich person is envious of him.

In order to maintain a good health, a person has to take pure and simple food. He has to do some kind of exercise, or to do some sort of manual work regularly. By the movement of his limbs and body, his food gets digested easily. Digested food supplies nutrition and pure blood to his body.

Health is a matter of pride in human life. For health culture, nowadays, there are many ways. Modern gymnasium provides various kind of exercises. Yoga practise is very useful. Besides, walking, running, swimming, etc. Are also good exercises.

Devika Rajan
IX A

# QUIZ ON HEALTH

1. What is the name of the disease in man arising outof Vitamin B1 deficiency
   - **Beriberi**
2. The deficiency of which of the following groupof nutrients affects the skin?
   - **Riboflacin, Niacin, Pyridoxine, Pantothenic Acid**
3. What does niacin deficiency cause?
   - **Pellagra**
4. What are the effects of Vitamin B6 deficiency?
   - **Certain types of Eczema**
5. Which of the following diseases is associated with Vitamin C deficiency?
   - **Scurvy**
6. What does Vitamin K deficiency lead to?
   - **Problem in Blood Coagulation**
7. Using purgatives on a regular basis is harmful to health. Which deficiency does it cause?
   - **Potassium**
8. Deficiency of Vitamin D gives rise to:
   - **Rickets**
9. What is the condition known as, in which the body does not get its fair share of nutrients, either from starvation, or as a result of poor absorption:
   - **Malnutrition**

# യൂനിസെഫ്

വംശം,മതം,ദേശീയത,രാഷ്ട്രീയം തുടങ്ങിയവയെല്ലാം അതീതമായി കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിനാണ് യൂനിസെഫ് ആരംഭിക്കുന്നത്.1949-ലാണ് യൂനിസെഫ് ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ഡൽഹിയാണ്.യൂനിസെഫ് ഇന്ത്യയുടെ ആസ്ഥാനം. ഇന്ത്യയിലെ കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി ഇന്ത്യാ ഗവൺമെന്റുമായി ചേർന്ന് 16 സംസ്ഥാനങ്ങൾ യൂനിസെഫ് പ്രവർത്തിക്കുന്നു. 1949-ൽ പെനിസിലിൽ ഉൽപാദന ശാലയ്ക്ക് ആവശ്യമായസാങ്കേതിക സഹായങ്ങൾ നൽകിയാണ് യൂനിസെഫ് ഇന്ത്യയിൽ പ്രവർത്തനമാരംഭിക്കുന്നത്.1954- ൽ ക്ഷിരവിപ്ലവത്തിന്റെ സമയത്ത്ചില കമ്പനികൾക്ക് ധനസഹായം നൽകുന്നതിനായി യൂനിസെഫും ഇന്ത്യാ ഗവൺമെന്റും തമ്മിൽ കരാറുണ്ടാക്കി.പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി പാലും പാലുൽപന്നങ്ങളും നൽകുക എന്നതായിരുന്നു യൂനിസെഫിന്റെ ആവശ്യം.അതേവർഷം തന്നെ ഇന്ത്യയിലെ ആദ്യ സിഡിറ്റി പ്ലാന്റിനുള്ള ഉപകരണങ്ങൾ യൂനിസെഫ് നൽകി.1960-ൽ ഇന്ത്യൻ വിദ്യാർഥികൾക്ക് ശാസ്ത്രപഠനം നടത്തുന്നതിനായി ആവശ്യമായ സഹായങ്ങൾ നൽകാൻ യൂനിസെഫ് മുന്നോട്ടു വന്നു .1963-ൽ രാജ്യവ്യാപകമായി ഗ്രാമാധിഷ്ഠിത അപ്ലൈഡ് ന്യൂട്രിഷൻ പദ്ധതി നിലവിൽ വന്നു.അതിലും യൂനിസെഫ് പങ്കാളിയായി.1966-ലെ ബിഹാർ ക്ഷാമകാലത്ത് കുടിവെള്ള വിതരണം നടത്തിയതായിരുന്നത് യൂനിസെഫായിരുന്നു.

തുടർന്ന് അവർ ഗ്രാമീണ കുടിവെള്ള പദ്ധതി യുടെ ഔദ്യോഗിക പങ്കാളിയായി.ആറുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോഷകാഹാരവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി 1975-ൽ കേന്ദ്ര ഗവൺമെന്റ് യൂനിസെഫുമായി ചേർന്ന് സമഗ്രശിശു വികസന പദ്ധതി നടപ്പിലാക്കി.ഗിനിയ വിരകൾ മൂലമുണ്ടാകുന്ന രോഗങ്ങൾ ചെറുക്കാൻ ദേശീയ ഗിനിയ വിരനിർമാർജനയജ്ഞത്തിന് ഇന്ത്യ യൂനിസെഫുമായി  കൈകോർത്തു. 1985-ൽ അന്നത്തെ പ്രധാന മന്ത്രി രാജീവ് ഗാന്ധിയുടെ  ദേശീയ രോഗ പ്രതിരോധകുത്തിവയ്പ്പ് ദൗത്യത്തിന് യൂനിസെഫ് പിന്തുണ നൽകി. ഇന്ത്യയിലെ ഒൻപത് സംസ്ഥാനങ്ങളിലെ ഗ്രാമ പ്രദേശങ്ങളിലുള്ള സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകി അവരുടെ ജീവിതനിലവാരം ഉയർത്താനായിരൂപികരിച്ച മഹിളാ സമാഖ്യാ പദ്ധതിയിലും അയഡിൻ ഉപ്പ് പ്രചരിപ്പിക്കുന്നതിലും യൂനിസെഫ് പ്രധാന പങ്ക് വഹിച്ചു.1999-ലെ ഒഡീഷ ചുഴലിക്കൊടുങ്കാറ്റ്,2001-ലെ ഗുജറാത്ത് ഭൂകമ്പം,2004-ലെ സുനാമി എന്നീ പ്രകൃതി ദുരന്തങ്ങളുടെ സമയത്ത് ദുരിതാശ്വാസപ്രവർത്തനങ്ങളിൽ യൂനിസെഫ് മുമ്പിലുണ്ടായിരുന്നു. പോഷകാഹാരകുറവ്, ശിശു മരണനിരക്ക്, ഗർഭകാലത്തെ ആരോഗ്യപ്രശ്നങ്ങൾ എന്നിവ പരിഹരിക്കുക എന്നതിനായി ബിഹാറിലെയും ജാർഖണ്ഡിലെയും തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ സർക്കാരുമായി ചേർന്ന് യൂനിസെഫ് പ്രവർത്തിച്ചു.ഇന്ത്യയിലെ ആദിവാസി-ഗോത്രമേഖലകളിൽ നൽകുന്ന സേവനത്തിനു പുറമെ വിവിധ സംസ്ഥാനങ്ങളിൽ പോഷകാഹാര കുറവിനും ബാലവിവാഹങ്ങൾക്കും എതിരെയും യൂനിസെഫ് പ്രവർത്തിക്കുന്നുണ്ട്.

# പ്രതിഭകളെ ആദരിക്കൽ

വിദ്യാലയത്തിന്റെ പേര് :സെന്റ്. ആൻസ്. ജി.എച്ച്. എസ്.എടത്തിരുത്തി

പ്രതിഭയുടെ പേര് : ശ്രീ.ബാപ്പു വലപ്പാട്

പ്രതിഭയുടെ ഇടപെടൽ മേഖല :എഴുത്തുക്കാരൻ

സന്ദർശിച്ച കുട്ടികളുടെ എണ്ണം :15

## റിപ്പോർട്ട്

പ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായി പ്രശസ്ത എഴുത്തുക്കാരനായ ലെല്ല പബ്ലിക്കേഷൻ സ്ഥാപക ഡയറ്ക്ടർ കൂടിയായകുട്ടമംഗലം സ്വദേശി ശ്രീ. ബാപ്പുവലപ്പാടിനെ അദ്ദേഹത്തിന്റെ വീട്ടിലെത്തി ആദരിച്ചു.15 വിദ്യാർത്ഥികളും പ്രധാന അധ്യാപികയായ സി.മേബിൾ, അധ്യാപക പ്രതിനിധികളായി സി.ലിൻസ,ടിന്റു ടീച്ചർ ,ആൻസി ടീച്ചർ ഈ പരിപാടിയിൽ പങ്കെടുത്തു. വിദ്യാർത്ഥി പ്രതിനിധി കുമാരി നെജ്ജല കെ.എൻ ഏവർക്കും സ്വാഗതം നേർന്നു അധ്യാപികയായ സി.മേബിൾ വിദ്യാലയ പൂന്തോട്ടത്തിൽ നിന്നും കുട്ടികൾ തയ്യാറാക്കിയ പൂച്ചെണ്ട് നല്കിയും,പൊന്നാട അണിയിച്ചും സാറിനെ ആദരിച്ചു.

# ബാപ്പു എന്ന പ്രതിഭയിലേക്ക്....







# വാക്കും പ്രവർത്തിയും

അദ്ധ്യാപകൻ കുട്ടികൾക്ക് ഹരിശ്ചന്ദ്രന്റെ

സത്യദീക്ഷയെക്കുറിച്ച്

കഥ പറഞ്ഞ് കൊടുക്കുകയായിരുന്നു.അപ്പോഴാണ് പ്യൂൺ

പിടാടെ പിടഞ്ഞ് ക്ലാസ്സിലേക്ക് വന്നത്.

മാഷേയ്യ്.......

എന്താടോ?

മാഷ്ക്കൊര് ഫോൺ വന്നിട്ടുണ്ട്.

ആര്ട്യാടോ?

വീട്ടീന്നാ.

എന്നാ ഞാനിവ്ടെ ഇല്ലെന്ന് പറഞ്ഞേര്.

ഐഷ കെ എച്ച്

IX-A

# THE POWER OF SMILE

A smile on the face makes man different from the animals. It makes one beautiful and attractive too. If a person does not smile it is very difficult. In such cases, it will be difficult to deal with them.

Once, Swami Vivekananda was walking on the street with his disciples. One of his disciples had a sad face. Vivekananda did not like it. He became a little angry. He said, “Why do you keep your face covered? If you go out of the room, have a smile on your face.”

A man who cannot smile cannot enjoy life. We have seen people using different kinds of cosmetics. They spent a lot of money for that. Smile is the best cosmetic that makes our faces beautiful. Moreover, it is not expensive too. We can wear a smile on face without paying anything.

A smile is a powerful weapon too. We can use it to deal with our enemies. When someone gets angry, try this new weapon – a smile. You will turn the enemy into a friend. The words of Gandhiji are very important here. He says, “You are not fully dressed till you wear a smile on your face.”

We are here in this world just for a few years. Why should we waste our lives in quarrelling and fighting? Why should we have a sad and sorrowful face? Just be friendly with everyone. Keep a smile on the face. A smile on the face is a clear sign that you are happy and satisfied. A smiling face will give you many friends. You can smile at others and they too will be happy.

Ameera Rahman
IX C

# FACTS

- The scientific term for brain freeze is "sphenopalatine ganglioneuralgia".
- Canadians say "sorry" so much that a law was passed in 2009 declaring that an apology can't be used as evidence of admission to guilt.
- Back when dinosaurs existed, there used to be volcanoes that were erupting on the moon.
- The only letter that doesn't appear on the periodic table is J.
- One habit of intelligent humans is being easily annoyed by people around them, but saying nothing in order to avoid a meaningless argument.
- If a Polar Bear and a Grizzly Bear mate, their offspring is called a "Pizzy Bear".
- In 2006, a Coca-Cola employee offered to sell Coca-Cola secrets to Pepsi. Pepsi responded by notifying Coca-Cola.
- There were two AI chat bots created by Facebook to talk to each other, but they were shut down after they started communicating in a language they made for themselves.

# FOOD IS DIVINE

Food is sacred. Those who waste food is committing a great crime. We should keep in mind that we are living in a world where millions of people are struggling to get even a single meal a day. How much food is being wasted at homes and hotels! We should realize that the food we waste is the food we deny to hundreds of deserving people in the world.

Food is one of the basic needs of man. In fact, we are all working for our daily bread. We should dream of a day when everybody in the world would be able to have food to satisfy their hunger. We should approach food remembering that it is a gift of God. A time would come when we would have to account for every bit of food that we waste. It is in the form of bread that god appears before a hungry man. It is only when a person does not get food that he realises the value of food. Whenever we eat food, we should keep this point in mind. We waste a lot of food while hungry people are wandering along the streets. Remember, it is an unpardonable crime. Let's all keep in mind that food is sacred, and by sharing food we are sharing love.

Aaron Raja IX B

# കലാവൈവിധ്യങ്ങളിലൂടെ...



Sreya M.S -IX A



Faheema P S -IX B



Indrima A A-IX C



Devika T D- IX D

# PROVERBS

- After a storm comes a calm.
- Beauty is in the eye of the beholder.
- Beggars can’t be choosers.
- The best is yet to be.
- Civility costs nothing.
- Forbidden sweet is sweetest.
- Seeing is believing.
- United we stand divided we fall.
- Waste not, want not.
- A watched pot never boils.
- Any pot in a storm.
- Once bitten, twice shy.
- A cat has nine lives.
- Better be envied than pitied.
- Brevity is the soul of wit.

# സുഭാഷിതം

**യഥാ ഹ്യേകേന ചക്രേണ**

**ന രഥസ്യ ഗതിർഭവേത്**

**ഏവം പുരുഷകാരേണ**

**വിനാ ദൈവം ന സിദ്ധ്യതി**

**-ഹിതോപദേശം**

എപ്രകാരമാണോ ഒരു ചക്രത്തിന്റെ അഭാവംകൊണ്ടു തന്നെ ഒരു രഥത്തിന് നീങ്ങാൻ പറ്റാതാവുന്നത്,അതുപോലെ കഠിനപ്രയത്നം ഇല്ലെങ്കിൽ ഒരു ഭാഗ്യവും നേടാൻ സാധിക്കുകയില്ല. കഠിനാദ്ധ്വാനം ചെയ്തു കൊണ്ട് സർവ്വവിധ ഐശ്വര്യങ്ങളും നേ-ടാൻ നമുക്ക് സാധിക്കട്ടെ.



# സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹിക്കുന്ന ജനത്തേയും

സ്നേഹത്തിന്റ അഭാവമാണ് ഇന്നത്തെ ലോകത്തെ അസുന്ദരമാക്കുന്നത്. സ്നേഹത്തിന്റെ സംസ്കാരം ദ്വേഷത്തിന്റെ സംസ്കാരമായി മാറിയിരിക്കുന്നു. വ്യക്തികൾ തമ്മിലും ദേശങ്ങൾ തമ്മിലും മത്സരവും സംഘർഷവും വളർന്നു വന്നുകൊണ്ടിരിക്കുന്നു. അസഹിഷ്ണുത പെരുകികൊണ്ടിരിക്കുന്നു. ഇതിനെല്ലാം പരിഹാരമാണ് 'സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹി-ക്കുന്ന ജനത്തേയും' എന്ന മന്ത്രം. ഉണ്ണീ, നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും സ്നേഹിക്കുക. നീ നിന്റെ ശത്രുക്കൾക്ക് നന്മ ചെയ്യുക. അങ്ങനെ ശത്രുക്കൾ ഇല്ലാതാകും. എല്ലാ വരും മിത്രങ്ങളായി മാറും. ക്രിസ്തുവും നബിയും ശ്രീ ബുദ്ധനും ഗാന്ധിജിയുമെല്ലാം വളർത്തിയെടുത്തത് ഈ സ്നേഹസംസ്കാരമാണ്. ശത്രുക്കളെ സ്നേഹിക്കണം എന്നു പറയാനെളുപ്പമാണ്. സ്വയം നഷ്ടപ്പെടുത്തി സ്നേഹിക്കുക എന്നതാണ് സ്നേഹത്തിന്റെ ഉൽകൃഷ്ടഭാവം. സ്നേഹത്തിൽ വളരുമ്പോൾ ശത്രുതയ്ക്ക് ഇടമില്ലാതാകും.

**"ഓരൊറ്റ മതമുണ്ടുലകിന്നുയരാം പ്രേമമതൊന്നല്ലോ**

**പരക്കെ നമ്മെ പാലമൃതൂട്ടും പാർവണ ശശിബിംബം "**

എന്ന് ഉള്ളൂർ പാടുന്നത് സ്നേഹത്തിന്റ മഹത്വം തിരിച്ചറിഞ്ഞ് കൊണ്ടാണ് ഇന്നത്തെ ലോകം രോഗാതുരമാണ്.

ഈ രോഗം ശാരീരികവും മാനസികവുമാണ്. ലോകത്തെ ഗ്രസിച്ചിരിക്കുന്ന അനാരോഗ്യകരമായ മാത്സര്യത്തിന്റെയും വിദ്വേഷത്തിന്റെയും സംസ്കാരത്തെ തുടച്ചുനീക്കാൻ

സ്നേഹത്തിന്റെ സംസ്കാരത്തിനെ സാധിക്കു. സ്നേഹം ലോകത്തെ ഒന്നാക്കുന്നു.അകലങ്ങൾ ഇല്ലാതാക്കുന്നു. സ്നേഹം പരസ്പരം കൂട്ടി യോജിപ്പിക്കുന്ന പാലമാണ്. എല്ലാ വിഭജനങ്ങളെയും ഇല്ലാതെ ആക്കുന്ന ചൈതന്യമാണ്. സ്നേഹത്തിന്റെ ശക്തി മറ്റൊന്നിനും ഇല്ല. ഇതു തിരിച്ചറിഞ്ഞാൽ പിന്നെ ശത്രുമിത്രഭേദങ്ങളില്ല. സ്നേഹസംസ്കാരത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് നമുക്ക് യാത്ര തുടരാം. മഹത്തായ യാത്രകൾ ആരംഭിക്കുന്നത് ചെറിയ ചുവടുവയ്പുകളാലാണല്ലോ.



# DON'T CHASE HAPPINESS

An old man lived in the village. He was one of the most unfortunate people in the world. The whole village was tired of him; he was always gloomy, he constantly complained and was always in a bad mood. The longer he lived, the more bile he was becoming and the more poisonous were his words. People avoided him, because his misfortune became contagious. It was even unnatural and insulting to be happy next to him. He created the feeling of unhappiness in others. But one day, when he turned eighty years old, an incredible thing happened. Instantly everyone started hearing the rumour: "An Old Man is happy today, he doesn't complain about anything, smiles, and even his face is freshened up."The whole village gathered together. The old man was asked: Villager: What happened to you? "Nothing special. Eighty years I've been chasing happiness, and it was useless. And then I decided to live without happiness and just enjoy life. That's why I'm happy now." – An Old Man.

**Moral of the story**

**Don't chase happiness. Enjoy your life.**

Amnas Ashraf
IX B

# സ്നേഹപൂർവ്വം അമ്മക്ക്...

സ്നേഹപൂർവ്വമെന്നമ്മക്ക്.....
സ്നേഹ സാഗരമേ നിനക്കായ് ഞാൻ
നൽകുന്നോരായിരം ചുടു ചുംബനങ്ങൾ
നന്മമതൻ പ്രതീകമേയെൻ നായികേ
സ്മരിപ്പൂ നിന്നെ ഞാനിന്നേ ദിനം.....
നിന്നോർമ്മകളിന്നും മായാതെ..മറയാതെ..
തുടിക്കുന്നെൻ ഹൃദത്താളുകളിൽ....
പൊഴിക്കുന്നു കണ്ണീർക്കണങ്ങളെൻ മിഴികൾ
നീ തന്നുപോയ സ്മരണകളിൽ ...
അറിയാതെനിറയുന്നെൻ മിഴികൾ നിൻ
സ്നേഹസാന്ത്വനത്തിന്നഭാവത്തിൽ ...
കഴിയാവതല്ല പറയാനെൻ
ഹൃദയം പേറും നോമ്പരങ്ങൾ
അലതല്ലുമാഴീ തൻ ആഴം കണക്കെ
ആഴമേറെയേറിയതാണ് നിൻ സ്മരണകൾ...
കണ്ണീരിനാലൊരു പുഴയൊഴുക്കിയെന്നാലും
കഴിയാത്തതെന്തേ കഴുകാനെൻ ഹൃദയത്തിൻ നൊമ്പരം....
ആഹ്ലാദത്തിമുർപ്പുകളാലെൻ കനവിൽ ഞാനെ-
ന്നമ്മയോടൊത്തു പടുത്തൊരാ സ്വപ്നങ്ങൾ
പൊളിച്ചെടുക്കുന്നതിൻ ധ്വനിയോയെൻ
ഹൃദയത്തിൻ തുടിപ്പുകൾ....

എന്തിനു പോയി നീ അറിവില്ലാ പൈതലേ
തനിച്ചാക്കിയീ ലോക ഗോളത്തു നിന്നും ?
അറിയുന്നതല്ലേ കഴിയില്ലന്നെനിക്കീ
ലോകത്തെയൊറ്റക്ക് നേരിടാനായ്....
പ്രാതൽ കഴിക്കാതെ വാശിയോടന്നു ഞാൻ
ഉമ്മറക്കോലായീൽ വന്ന നേരം....
സ്നേഹസ്വരൂപയായെന്നോടിണങ്ങി നീ
യെന്നെ ഊട്ടിയതെന്നോർമ്മയില്ലിന്നും...
കഴിയുന്നില്ലൊന്നുമേ മറക്കാൻ...
പോകുന്നില്ലൊന്നുമെൻ മനസ്സിൽ നിന്നും...
കലവികൾ കളിയാടിയിരുന്നെൻ കൗമാം
കദനം നിറഞ്ഞ് നിശ്ശൂന്യമായോ...?
പ്രതീക്ഷാവലയമേ...മെഴുതിരി നാളമേ...
എഴുതുന്നു ഞാൻ സ്നേഹപൂർവ്വം നിനക്കായ്...
വരമരുളൂയെൻ സ്നേഹമയാ കനിവിൻ നാളമേ
അടുത്തൊരേഴ ജന്മത്തിലും ജനനിയായ്
നീയെന്നമ്മയേ നൽകിയാലും ....
കുറിച്ചിടുന്ന ചില വരികളുന്നുള്ളിൽ നിന്നും
നിനക്കായ് സ്നേഹപൂർവ്വമമ്മേ....
അർപ്പിക്കുന്നമ്മേ നിൻ മകൻ  നിനക്കായ്....

**സ്നേഹപൂർവ്വം അമ്മയ്ക്ക്......**

ഫാത്തിമ പി  ശ്യാം
IX C

# छोटीसी हसी ...

हम रेहते एक दुनिया में ,
खुशी, मजा और दुःख के।
लेकिन कही न कही ,
भूल गये हैं वो छोटीसी हसी।


जाने क्यु लोग हार जाते हैं ,
अपनी अपनी जीवन से।
बस सुलजा सकते हैं ,
एक छोटीसी हसी से।

मिटा दो सारे दुःख ,
भुला दो सभी सुख।
और कभी ना छोडो ,
वही छोटीसी हसी।

**आशा सतीष**

**IX B**

# Srinivasa Ramanujan



Srinivasa Ramanujan was an Indian mathematician who lived during the British Rule in India. Though he had almost no formal training in pure mathematics, he made substantial contributions to mathematical analysis, number theory, infinite series, and continued fractions, including solutions to mathematical problems then considered unsolvable. During his short life, Ramanujan independently compiled nearly 3,900 results.

Many were completely novel; his original and highly unconventional results, such as the Ramanujan prime, the Ramanujan theta function, partition formulae and mock theta functions, have opened entire new areas of work and inspired a vast amount of further research. Nearly all his claims have now been proven correct. The Ramanujan Journal, a scientific journal, was established to publish work in all areas of mathematics influenced by Ramanujan, and his notebooks—containing summaries of his published and unpublished results—have been analysed and studied for decades since his death as a source of new mathematical ideas. In 1919, ill health—now believed to have been hepatic amoebiasis (a complication from episodes of dysentery many years previously)—compelled Ramadan's return to India, where he died in 1920 at the age of 32. His last letters to Hardy, written in January 1920, show that he was still continuing to produce new mathematical ideas and theorems. His "lost notebook", containing discoveries from the last year of his life, caused great excitement among mathematicians when it was rediscovered in 1976.

# History of Internet

Vint Cerf is considered to be one of the fathers of the internet, having been the co-inventor of TCP/IP, having led influential work at DARPA, then at MCI, where he pioneered an email platform called MCI Mail. Now 74, he remains as busy as ever. Since 2005, he has been Google’s Chief Internet Evangelist. It is a role that gives him plenty of freedom. He indicates that his goal is to determine how to make the internet safer, more secure, and more private. He also co-founded the People-Centered Internet (PCI) with customer relationship management pioneer, Mei Lin Fung, installing former FCC CIO David Bray as the executive director. He notes that, through PCI, he strives to identify projects that could "materially improve people’s use of the Internet." He sites as examples, "creating information in local languages or providing services that improve people’s ability to find jobs or improve their economic stability or safety or health."

But something monumental happened there 50 years ago today. A graduate student named Charley Kline sat at an ITT Teletype terminal and sent the first digital data transmission to Bill Duvall, a scientist who was sitting at another computer at the Stanford Research Institute on the other side of California. It was the beginning of

ARPANET, the small network of academic computers that was the precursor to the internet.

At the time, this brief act of data transfer wasn't anything like a shot heard round the world. Even Kline and Duvall didn't appreciate the full significance of what they'd accomplished: "I don't remember anything specifically memorable about that night, and I certainly didn't realize that what we had done was anything special at the time," says Kline. But their communications link was proof of the feasibility of the concepts that eventually enabled the distribution of virtually all the world's information to anybody with a computer.

